# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.869

30.11.2018-ൽ മറുപടിയ്ക്ക്

## അന്ധവിശ്വാസ നിർമ്മാർജ്ജന നിയമം

ചോദ്യം

ശ്രീ. പുരുഷൻ കടലുണ്ടി
പ്രൊഫ. കെ. യു. അരുണൻ
ശ്രീ. എം. സ്വരാജ്
ശ്രീ. ജോൺ ഫെർണാണ്ടസ് :

ഉത്തരം

**ശ്രീ. എ. കെ. ബാലൻ**
**പട്ടിക ജാതി പട്ടികവർഗ്ഗ**
**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**
**സാംസ്കാരികവും പാർലമെന്ററികാര്യവും**
**വകുപ്പ് മന്ത്രി**

(എ) സവർണ്ണ മേൽക്കോയ്മയിൽ അധിഷ്ഠിതമായ പൗരോഹിത്യ കല്പനകളെ ജനാധിപത്യ സംവിധാനത്തിലെ നീതിന്യായ വ്യവസ്ഥയ്ക്ക് ഉപരിയായി പ്രതിഷ്ഠിക്കണമെന്ന് അസഹിഷ്ണുത മുഖമുദ്രയായിട്ടുള്ള ഫാസിസ്റ്റ് സ്വഭാവമുള്ള വർഗ്ഗീയ വാദികൾ പുരോഗമന കേരളത്തോട് ശഠിക്കുന്ന എന്ന ആക്ഷേപമുള്ള ഇക്കാലത്ത് സാംസ്കാരിക വകുപ്പ് ക്ഷേത്ര പ്രവേശന വിളംബരത്തിന്റെ വാർഷികം ആഘോഷിക്കാൻ നിശ്ചയിച്ചതിന്റെ പ്രാധാന്യം വിശദമാക്കാമോ;

(എ) പൗരർക്കെല്ലാം സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും, ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും പദവിയിലും അവസരത്തിലും സമത്വവും സംപ്രാപ്തമാക്കുകയും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുന്നതുമായ പരമാധികാര സ്ഥിതി സമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായാണ് ഭാരതത്തിന്റെ ഭരണഘടന നമ്മുടെ രാഷ്ട്രത്തെ വിഭാവനം ചെയ്യുന്നത്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിറഞ്ഞ ഒരു സാമൂഹികാവസ്ഥയിൽ നിന്നു മാറി, ഭരണഘടനാ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന ഒരു ആധുനിക സമൂഹത്തിലേയ്ക്കെത്തിയത് അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കും അടിച്ചമർത്തലുകൾക്കുമെതിരായി നിരവധി ധാരകളിലായി നടന്ന നവോത്ഥാന പ്രക്രിയയിലൂടെയാണ്. അതിൽ സുപ്രധാനമായ ഒരു നാഴികക്കല്ലാണ് 1936-ലെ ക്ഷേത്രപ്രവേശന വിളംബരം. നവോത്ഥാന മൂല്യങ്ങൾക്കും ഭരണഘടനാ മൂല്യങ്ങൾക്കുമെതിരായ പ്രവണതകൾ തിരുത്തുക എന്ന ലക്ഷ്യത്തോടെയാണ് സാംസ്കാരിക വകുപ്പ്, വിവര പൊതുജന

സമ്പർക്ക വകുപ്പ്, പുരാരേഖാ വകുപ്പ്, പുരാവസ്തു വകുപ്പ് എന്നിവ ചേർന്ന് ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികം ആഘോഷിച്ചത്.

| | |
|---|---|
| (ബി) ഗോവിന്ദ് പൻസാരയെയും കൽബുർഗിയെയും ഗൗരിലങ്കേഷിനെയും ഇല്ലാതാക്കുകയും പെരുമാൾ മുരുകനെ നിശബ്ദനാക്കുകയും ചെയ്ത ഹിംസയുടെയും അസഹിഷ്ണുതയുടെയും പ്രണേതാക്കൾ കേരളീയ സമൂഹത്തിൽ കരീപ്പുഴ ശ്രീകുമാറിനെയും എസ്.ഹരീഷിനെയും സുനിൽ പി. ഇളയിടത്തിനെയും പോലുള്ളവർക്കെതിരെ ഭീഷണിയുയർത്തുമ്പോൾ സംവാദത്തിന്റെ പൊതുഇടങ്ങൾ സൃഷ്ടിക്കാനായി സാംസ്കാരിക വകുപ്പ് നടത്താനുദ്ദേശിക്കുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) എല്ലാതരം അസഹിഷ്ണുതകൾക്കുമെതിരെ അഭിപ്രായ സ്വാതന്ത്ര്യങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുന്ന, ബഹുസ്വരതയുടെ സന്ദേശം പ്രചരിപ്പിക്കുന്ന സംവാദ മണ്ഡലങ്ങൾ സൃഷ്ടിക്കണം എന്നതു തന്നെയാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അതിനായി വിവിധ മേഖലകളിൽ വിവിധ രീതികളിൽ പരിപാടികൾ ആസൂത്രണം ചെയ്ത് വരുന്നുണ്ട്. നവോത്ഥാന നായകരേയും അവരുടെ സംഭാവനകളേയും അനുസ്മരിക്കുന്ന വിവിധ പരിപാടികൾ സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയുണ്ടായി. നമുക്ക ജാതിയില്ലാ വിളംബരം, സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികാചരണം, മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വ വാർഷികം, ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികം എന്നിവ ഇവയിൽ ചിലതാണ്. ഈ പരിപാടികൾ ജില്ലാ തലത്തിൽ കൂടി സംഘടിപ്പിക്കുകയും വിവിധ സ്ഥലങ്ങളിൽ ചർച്ചകളും, സംവാദങ്ങളും നടത്തുകയും ഉണ്ടായി. |
| (സി) ഈ സാഹചര്യത്തിൽ ഭരണഘടന മൗലിക കർത്തവ്യങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള ശാസ്ത്രീയ കാഴ്ചപ്പാടും മാനവികതയും സാമൂഹിക പരിഷ്കരണത്തിനുള്ള മനോഭാവവും വികസിപ്പിക്കുന്നതിനായി അന്ധവിശ്വാസ നിർമ്മാർജ്ജന നിയമം രൂപീകരിക്കാൻ തയ്യാറാകുമോ; വിശദീകരിക്കുമോ? | (സി) അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തടയുന്നതിനായി ഒരു നിയമനിർമ്മാണം നടത്തുന്ന വിഷയം ആഭ്യന്തരവകുപ്പ് പരിശോധിച്ചു വരുന്നു. |

Sidhu

സെക്ഷൻ ഓഫീസർ